# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1347 — 04.12.14 ൽ - മറുപടിക്ക്

## വികലാംഗരുള്ള കുടുംബങ്ങളുടെ റേഷൻകാർഡുകൾ ബി.പി.എൽ.ആക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. റ്റി.എ. അഹമ്മദ് കബീർ: | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | 40 ശതമാനത്തിലധികം അംഗ-വൈകല്യമുള്ള വികലാംഗരുള്ള കുടുംബങ്ങളുടെ റേഷൻ കാർഡുകൾ ബി.പി.എൽ. ആക്കി മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ ; | (എ) & (ബി) | 27.04.12 ലെ സ.ഉ.(കൈ)നം.112/12/ത.സ്വ.ഭ.വ. പ്രകാരം വികലാംഗരെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും 05.11.11 ലെ സ.ഉ.(കൈ)നം.38/11/ഭ.സി.സ.വ. പ്രകാരം അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ടവർക്ക് ബി.പി.എൽ. കാർഡുകളാക്കി നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം ജില്ലാ കളക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വികലാംഗരുൾപ്പെടെയുള്ളവരുടെ എ.പി.എൽ. കാർഡുകൾ ബി.പി.എൽ. കാർഡുകളാക്കി നൽകുന്നുണ്ട്. |
| (ബി) | എങ്കിൽ അത്തരം വികലാംഗരുള്ള കുടുംബങ്ങളുടെ റേഷൻ കാർഡുകൾ ബി.പി.എൽ. ആക്കി മാറ്റുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ